


# രക്ഷകനെ കാത്തിരുന്ന ജനം

5

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

പാഠം

# ഇസ്രായേലിന്റെ തെരഞ്ഞെടുപ്പ്



# ദൈവം ഇസഹാക്കിനോട് അരുളിചെയ്തു:

'നിന്റെ പിതാവായ അബ്രാഹത്തോടു ചെയ്ത വാഗ്ദാനം ഞാൻ നിറവേറ്റും. ആകാശത്തിലെ നക്ഷത്രങ്ങൾ പോലെ നിന്റെ സന്തതികളെ ഞാൻ വർദ്ധിപ്പിക്കും. ഈ ദേശമെല്ലാം അവർക്കു ഞാൻ നൽകും. നിന്റെ സന്തതികളിലൂടെ ഭൂമിയിലെ ജനതകളെല്ലാം അനുഗ്രഹിക്കപ്പെടും'.

(ഉൽപത്തി 26: 3–4)

# ഏസാവും യാക്കോബും

- ഇസഹാക്കിന്റെ ഭാര്യ റബേക്ക. അവർക്ക് ഇരട്ടപുത്രന്മാർ ജനിച്ചു– ഏസാവും യാക്കോബും.
- രണ്ടു വംശങ്ങളാണു നിന്റെ ഉദരത്തിലുള്ളത്. നിന്നിൽനിന്നു പിറക്കുന്നവർ രണ്ടു ജനതകളായി പിരിയും. ഒന്നു മറ്റേതിനേക്കാൾ ശക്തമായിരിക്കും.
- മൂത്തവൻ ഇളയവനു ദാസ്യവൃത്തി ചെയ്യും

(ഉൽപത്തി 25:23)

മൂത്തവൻ : ഏസാവ്

ഇളയവൻ : യാക്കോബ്




# കടിഞ്ഞൂലവകാശം

ഒരു ദിവസം ഏസാവ് വിശന്നു തളർന്നു വയലിൽനിന്നു വന്നപ്പോൾ യാക്കോബ് പായസമുണ്ടാക്കുകയായിരുന്നു. ഏസാവ് അല്പം പായസം ചോദിച്ചു. അപ്പോൾ യാക്കോബ് കടിഞ്ഞൂലവകാശം പകരമായി ആവശ്യപ്പെട്ടു. കടിഞ്ഞൂലവകാശംകൊണ്ടു തനിക്കെന്താണു പ്രയോജനമെന്നു വിചാരിച്ച് ഏസാവ് തന്റെ കടിഞ്ഞൂലവകാശം യാക്കോബിനു നല്കുന്നതായി ശപഥം ചെയ്തു. പ്രതിഫലമായി ഒരുപാത്രം പായസം വാങ്ങിക്കഴിച്ചു. അങ്ങനെ ഏസാവ് തന്റെ കടിഞ്ഞൂലവകാശം നിസ്സാരമായിക്കരുതി യാക്കോബിനു വിറ്റു

# അനുഗ്രഹം യാക്കോബിന്.

**ഇസഹാക്ക് മൂത്തമകൻ ഏസാവിനെ വിളിച്ചു:**

'എന്റെ മകനേ, എനിക്കു വയസ്സായി, അമ്പും വില്ലുമെടുത്ത് വേട്ടയാടി കുറെ കാട്ടിറച്ചി കൊണ്ടുവരിക. എനിക്കിഷ്ടപ്പെട്ട രീതിയിൽ രുചികരമായി പാകം ചെയ്ത് എന്റെ മുമ്പിൽ വിളമ്പുക. അതു ഭക്ഷിച്ചിട്ട് നിന്നെ ഞാൻ മരിക്കുംമുമ്പ് അനുഗ്രഹിക്കട്ടെ'.



ഇസഹാക്ക് പറഞ്ഞതെല്ലാം റബേക്കാ കേട്ടു. തന്റെ വത്സലപുത്രനായ യാക്കോബിന് പിതാവിന്റെ അനുഗ്രഹം ലഭിക്കാൻ അവൾ ആഗ്രഹിച്ചു

കാരണം,

റബേക്ക ഗർഭിണിയായിരിക്കേ കർത്താവ് അരുളിചെയ്ത കാര്യങ്ങൾ അവളുടെ ഓർമ്മയിൽ ഉണ്ടായിരുന്നു.



നായാട്ടുകഴിഞ്ഞ് ഏസാവെത്തി. ഭക്ഷണം തയ്യാറാക്കി നൽകിയ ശേഷം ഏസാവും അനുഗ്രഹം ചോദിച്ചു. തനിക്ക് അബദ്ധം പിണഞ്ഞെന്ന് ഇസഹാക്കിനു മനസ്സിലായി. എന്നാൽ യാക്കോബിനെ അനുഗ്രഹിച്ചതിനാൽ അവൻ അനുഗ്രഹിക്കപ്പെട്ടവൻ തന്നെയായിരിക്കുമെന്ന് ഇസഹാക്ക് പറഞ്ഞു.

ഏസാവ് യാക്കോബിനെ കൊല്ലാൻ തീരുമാനിച്ചു.

# യാക്കോബിന്റെ സ്വപ്നം

ഏസാവ് യാക്കോബിനെ അപായപ്പെടുത്തുമെന്നു റബേക്കാ മനസ്സിലാക്കി .മകനെ വിളിച്ച് ഇപ്രകാരം പറഞ്ഞു:

‘ഹാരാനിലുള്ള എന്റെ സഹോദരനായ ലാബാന്റെ അടുത്തേയ്ക്ക് ഓടി രക്ഷപെടുക. നിന്റെ ജ്യേഷ്ഠന്റെ ദേഷ്യമടങ്ങുവോളം നീ അവിടെ താമസിക്കുക’.



# യാക്കോബിന്റെ സ്വപ്നം

യാക്കോബ് ഹാരാനിലേക്ക് യാത്രപുറപ്പെട്ടു. സന്ധ്യയായപ്പോൾ വഴിയിൽ ഒരിടത്ത് വിശ്രമിച്ചു. ഉറങ്ങുമ്പോൾ അവന് ഒരു ദർശനം ഉണ്ടായി. ദൈവം അവനോട് അരുളിച്ചെയ്തു: "ഞാൻ നിന്റെ പിതാവായ അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും ദൈവമായ കർത്താവാണ്. നീ കിടക്കുന്ന ഈ മണ്ണ് നിനക്കും നിന്റെ സന്തതികൾക്കും ഞാൻ നൽകും... നിന്നിലൂടെയും നിന്റെ സന്തതികളിലൂടെയും ഭൂമിയിലെ ഗോത്രങ്ങളെല്ലാം അനുഗ്രഹിക്കപ്പെടും. ഇതാ ഞാൻ നിന്നോടുകൂടെയുണ്ട്. നീ പോകുന്നിടത്തെല്ലാം ഞാൻ നിന്നെ കാത്തുരക്ഷിക്കും" (ഉൽപത്തി 28:13-15). ഉറക്കത്തിൽനിന്ന് ഉണർന്ന യാക്കോബ് ആ സ്ഥലത്തിന് 'ബഥേൽ' എന്നുപേരിട്ടു. ദൈവത്തിന്റെ ഭവനം എന്നാണ് അതിന്റെ അർഥം.

ഹാരാനിൽ അമ്മാവനായ ലാബാ
നോടൊത്ത് 14 വർഷം താമസിച്ചു. അതി
നിടയിൽ ലാബാന്റെ മക്കളായ ലെയാ
യെയും റാഹേലിനേയും അദ്ദേഹം
വിവാഹം ചെയ്തു. അക്കാലം കൊണ്ടു
യാക്കോബ് വലിയ സമ്പത്തും സ്വന്തമാ
ക്കി.

# ഇസ്രായേൽ എന്ന നാമം

'ഇനിമേൽ നീ യാക്കോബെന്നല്ല, ഇസ്രായേൽ എന്നു വിളിക്കപ്പെടും. കാരണം, ദൈവത്തോടും മനുഷ്യരോടും നീ മല്ലിട്ടു ജയിച്ചിരിക്കുന്നു'.



**ഇസ്രായേൽ : ദൈവവുമായി മൽപ്പിടുത്തം നടത്തുന്നവൻ**

# യാക്കോബിന്റെ ദൈവം

അബ്രാഹത്തോടും ഇസഹാക്കിനോടും ചെയ്ത വാഗ്ദാനം ദൈവം യാക്കോബിനോടും ആവർത്തിച്ചുറപ്പിച്ചു.

ജീവിതത്തിലെ ഓരോ ഘട്ടത്തിലും നമ്മെക്കുറിച്ചുള്ള ദൈവികപദ്ധതിക്കു നാം കീഴ്‌വഴങ്ങണം.

പഴയ ഇസ്രായേലിനു ലഭിച്ച ദൈവാനുഭവവും, അനുഗ്രഹവും പുതിയ ഇസ്രായേലായ നമുക്കും കൈവരുന്നത് അപ്പോഴാണ്.



# നമുക്കു പ്രാർത്ഥിക്കാം

**സർവശക്തനായ ദൈവമേ, ജീവിതത്തിലു
ണ്ടാകുന്ന പരാജയങ്ങളിലും ബുദ്ധിമുട്ടുകളിലും
തളർന്നുപോകാതെ പ്രത്യാശയോടെ
ജീവിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.**



## നമുക്കു പാടാം

സ്വന്തം പിതാവിന്നനുഗ്രഹങ്ങൾ
സ്വന്തമാക്കാൻ, കഴിഞ്ഞാകയാലേ
യാക്കോബിൻ രക്ഷയ്ക്കുവേണ്ടിയമ്മ
യാത്രയാക്കീ ലാബാൻവീടുപൂകാൻ!

പോകും വഴിക്കൊരു സ്വപ്നമുണ്ടായ്
പാലൊളി പാരിലിറങ്ങിവന്നു.
സ്വർഗത്തിൽനിന്നൊരു കോവണിയാ
സൗവർണസ്വപ്നത്തിൽ മിന്നിനിന്നു

സ്വർഗീയസന്ദേശധാരയുണ്ടായ്
"സ്വർഗകവാടമാണിപ്രദേശം"
ദൈവമുടമ്പടി ചെയ്തപോലെ
ഭൂവിനു കൈവന്നു നവ്യശക്തി......

# ദൈവവചനം വായിക്കാം, വിവരിക്കാം

**ഏസാവിനു കടിഞ്ഞൂലവകാശം നഷ്ടപ്പെടുന്ന സംഭവം വിവരിക്കുക**

# വഴികാട്ടാൻ ഒരു തിരുവചനം

**‘ഇതാ ഞാൻ നിന്നോടുകൂടെയുണ്ട്.**

**നീ പോകുന്നിടത്തെല്ലാം ഞാൻ നിന്നെ കാത്തുരക്ഷിക്കും’**

# എന്റെ തീരുമാനം

ഭൗതികമായ സുഖസൗകര്യങ്ങൾ നേടാൻ വേണ്ടി
എന്റെ ദൈവപുത്രസ്ഥാനം ഞാൻ
നഷ്ടപ്പെടുത്തുകയില്ല.

# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* ദൈവത്തിന്റെ സ്വന്തം ജനമാണ് ഇസ്രായേൽ.

* നമ്മെക്കുറിച്ചു ദൈവത്തിന് ഒരു പദ്ധതിയുണ്ട്.



# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* ദൈവിക പദ്ധതിയോടു യോജിച്ചു പ്രവർത്തിക്കേണ്ടവരാണു നാം.

* അസാധാരണമായ അനുഭവങ്ങളിലും നാം ദൈവത്തോടു ചേർന്നുനിൽക്കണം.

# സ്വന്തമാക്കേണ്ട ശീലങ്ങൾ



* ദൈവവുമായുള്ള ബന്ധം നിലനിർത്തുന്നതിനായി എന്റെ നേട്ടങ്ങൾ പോലും വേണ്ടിവന്നാൽ ഉപേക്ഷിക്കും.


THANK
YOU